# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

## പട്ടികജാതി- പട്ടികവര്‍ഗ്ഗ കമ്മീഷന്റെ പ്രവര്‍ത്തനങ്ങള്‍

2571 ശ്രീ. എം. എ. ബേബി
,, എ. കെ. ബാലന്‍
,, പുരുഷന്‍ കടലുണ്ടി
,, ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി- പട്ടികവര്‍ഗ്ഗ കമ്മീഷന്റെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്താറുണ്ടോ; ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നപ്പോള്‍ മുതലുളള കമ്മീഷന്റെ പ്രവര്‍ത്തനങ്ങള്‍ അറിയിക്കാമോ;

(ബി) പട്ടികജാതിക്കാര്‍ക്കെതിരായ അതിക്രമങ്ങള്‍, ഭൂപ്രശ്നം, ധനകാര്യ സ്ഥാപനങ്ങളില്‍ നിന്നും വായ്പ എടുത്തത് എന്നിവ സംബന്ധിച്ച പരാതികള്‍ സമയബന്ധിതമായി പരിഹരിക്കാനായിട്ടുണ്ടോയെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കമ്മീഷന്‍ പട്ടികജാതിക്കാരുടെയും മറ്റും വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തി അറിയിച്ചിട്ടുണ്ടോ;

(ഡി) ക്ഷേമ- വികസന പദ്ധതികള്‍ സംബന്ധിച്ച് കമ്മീഷന്‍ സര്‍ക്കാരിനു നല്‍കിയിരിക്കുന്ന ശുപാര്‍ശകള്‍ എന്തൊക്കെയെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കുള്ള കേന്ദ്ര - സംസ്ഥാന പദ്ധതികൾ</u>

2572 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം കേന്ദ്ര - സംസ്ഥാന പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റിനുള്ള വരുമാനപരിധി</u>

2573 ശ്രീ. സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റിനുള്ള വരുമാനപരിധി ഉയർത്തുന്നതു സംബന്ധിച്ച കേന്ദ്രത്തിന്റെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ ശുപാർശ ചെയ്യപ്പെട്ട വരുമാനപരിധി അപര്യാപ്തമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുടെ ആശങ്കകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗക്കാർക്ക് മതപരിഗണന കൂടാതെ സംവരണം</u>

2574 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാർക്ക് മതപരിഗണന കൂടാതെ സംവരണം നൽകണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി കൈക്കൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പട്ടിക ജാതിക്കാരുടെ കാർഷിക ഭവന വായ്പകളുടെ ജപ്തി ഒഴിവാക്കുന്നതിനും കടം എഴുതിതളളുന്നതിനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>വിജ്ഞാൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം</u>

2575 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) വിജ്ഞാൻവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനു വേണ്ടി നിക്ഷേപിക്കപ്പെട്ട തുകയുടെ വിനിയോഗം സംബന്ധിച്ച് നടപടികളുണ്ടായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടങ്ങളുടെ നിർമ്മാണത്തിലെ കാലതാമസം കൊണ്ടുണ്ടാവുന്ന അധികച്ചെലവുകളുടെ ബാധ്യത സംബന്ധിച്ച് നിർവ്വഹണ ഏജൻസികളുമായുള്ള കരാറിൽ വ്യക്തത ഉണ്ടാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അധിക ബാധ്യതയുടെ ഉത്തരവാദിത്തം ആർക്കാണ്;

(ഡി) തുക നിക്ഷേപിച്ച കാലത്ത് സർക്കാർ അംഗീകരിച്ച പ്ലാനിൽ മാറ്റം വരുത്താൻ അനുവാദം നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

പട്ടികജാതി സങ്കേതങ്ങളിലെ എസ്. സി. പി. ഫണ്ട് വിനിയോഗം

2576

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം എത്ര പട്ടികജാതി സങ്കേതങ്ങളിൽ വൈദ്യുതീകരണം, കുടിവെള്ള പദ്ധതികൾ എന്നിവയ്ക്കായി എസ്. സി. പി. ഫണ്ട് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ആ പദ്ധതികൾ ഏത് ഘട്ടത്തിലാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) വകുപ്പിൽ ലഭിക്കുന്ന അപേക്ഷയിന്മേൽ നടപടികൾ പൂർത്തിയാക്കി ഭരണാനുമതി നൽകുന്നതിനും നിർവ്വഹണം പൂർത്തിയാക്കുന്നതിനും കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>ചികിത്സാസഹായനിധിയിൽ നിന്നുള്ള സഹായം</u>

2577 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ചികിത്സാസഹായ നിധിയിൽ നിന്ന് എത്ര തുകയാണ് അനുവദിച്ചത്;

(ബി) അപേക്ഷകർക്ക് സഹായധനം ലഭിക്കുന്നതിന്ള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>ചികിത്സാ ധനസഹായം</u>

2578 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ചികിത്സാ ധനസഹായമായി നടപ്പുവര്‍ഷം വയനാട് ജില്ലയില്‍ അനുവദിച്ച തുകയുടെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ ;

(ബി) അനുവദിച്ച തുകയില്‍ എത്ര തുക ഇതിനകം വിതരണം ചെയ്തു എന്നുള്ളതിന്റെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ ;

(സി) ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

## പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുവാൻ തീരുമാനം

2579 ശ്രീ. കെ. രാജു.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിതള്ളുവാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഏത് കാലയളവ് മുതൽ ഉള്ള എത്ര രൂപവരെയുള്ള വായ്പകളാണ് എഴുതി തള്ളുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എവിടെ നിന്നെല്ലാം എടുത്തിട്ടുള്ള വായപ്കളാണ് എഴുതി തള്ളുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ</u>

2580 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സമുദായാംഗങ്ങളായ യുവജനങ്ങളെ വിദഗ്ദ്ധതൊഴിലാളികളാക്കി മാറ്റുന്നതിനുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളെ സ്കിൽ ഡെവലപ്പുമെന്റ് സെന്ററുകളായി വികസിപ്പിക്കുന്നതിന് 2012–13 ബജറ്റിൽ എത്ര തുകയാണ് അനുവദിച്ചത്;

(ബി) ഇതിൽ എത്ര തുക ചെലവാക്കി. പ്രസ്തുത സെന്ററുകളിൽ എത്ര പേർക്ക് പരിശീലനം നൽകി;

(സി) തൊഴിൽ പരിശീലനകേന്ദ്രങ്ങളെ സ്കിൽ ഡവലപ്പ്മെന്റ് സെന്ററുകളാക്കി മാറ്റുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി ഏർപ്പെടുത്തിയത്;

(ഡി) ഈ പരിശീലനം നേടിയ എത്ര പേർക്ക് തൊഴിൽ ലഭിച്ചു, എത്ര പേർ സ്വയം തൊഴിൽ കണ്ടെത്തി ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പട്ടികജാതി സങ്കേതങ്ങളിൽ വനിതകളുടെ സ്വയംസഹായ സംഘങ്ങൾ</u>

2581 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിൽ വനിതകളുടെ സ്വയംസഹായ സംഘങ്ങൾ രൂപം നൽകി കാട, മുയൽ, ആട് പരിപാലന പദ്ധതി നടപ്പാക്കാൻ കഴിഞ്ഞ ബജറ്റിൽ എത്ര തുക അനുവദിച്ചിരുന്നു; എത്ര തുക ചെലവാക്കി;

(ബി) ഇതിനായി എത്ര സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു; എത്ര സംഘങ്ങൾക്ക് കാട, മുയൽ, ആട് എന്നിവ നൽകി;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര പേർക്ക് പരിശീലനം നൽകി; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>പട്ടികജാതി - പിന്നോക്ക വിഭാഗ വിദ്യാർത്ഥികളുടെ
വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

2582 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിക സമുദായത്തിൽപ്പെട്ടവരും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുമായ വിദ്യാർത്ഥികൾക്ക് ബി.ടെക് പോലുള്ള കോഴ്സുകൾക്ക് ലഭിക്കേണ്ട ഗ്രാന്റുകൾ അപേക്ഷിച്ച് പലവർഷം കഴിഞ്ഞും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുളള കാരണം വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിന്നോക്ക വിഭാഗക്കാരോടും പട്ടിക സമുദായ വിദ്യാർത്ഥികളോടും കാണിക്കുന്ന ഇത്തരം നടപടികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പെരിനാട് കാർമൽ എൻജിനിയറിംഗ് കോളേജിൽ ഒ. ഇ.സി വിദ്യാർത്ഥികൾക്ക് ഗ്രാന്റ് നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തിരമായി തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്

2583 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം കോഴ്സുകൾക്കും സ്ഥാപനങ്ങളിലും പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് നിലവിൽ ലംപ്സം ഗ്രാന്റ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) ഇതിനായി ഏതെങ്കിലും തരത്തിലുള്ള വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശവും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും ലഭ്യമാക്കുമോ;

(സി) ഈ നിയമപരിധിയിൽ നിന്നുകൊണ്ടു തന്നെ ഇപ്പോൾ നൽകി വരുന്ന ലംപ്സം ഗ്രാന്റ് കുട്ടികൾക്ക് ലഭിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) 2012-13 വർഷത്തിൽ വിവിധ കോഴ്സുകളിലായി എത്ര കുട്ടികൾക്ക് എത്ര രൂപ വീതം നൽകിയെന്നുള്ള കണക്ക് ജില്ല തിരിച്ച് നൽകുമോ;

(ഇ) ഇക്കാര്യത്തിൽ 2011-12 ലെ സ്ഥിതി വിവരങ്ങൾ കൂടി നൽകുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

## പട്ടികജാതി വിദ്യാർത്ഥികളുടെ മെസ്സ് അലവൻസ്

2584

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ മെസ്സ് അലവൻസ് യഥാസമയം ഹോസ്റ്റലുകൾക്ക് നൽകുന്നതിൽ കാലതാമസം വരുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം കോളേജുകളിലെ ഹോസ്റ്റലുകൾക്കാണ് മെസ്സ് അലവൻസ് കുടിശ്ശികയുള്ളതെന്നും എത്ര മാസത്തെ കുടിശ്ശികയാണ് കൊടുക്കാനുള്ളതെന്നും വിശദമാക്കുമോ ;

(സി) മെസ്സ് അലവൻസ് യഥാസമയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾ</u>

2585 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം 2011-12 സാമ്പത്തിക വർഷം എത്ര ശതമാനം വീടുകളാണ് പട്ടികജാതി വിഭാഗങ്ങൾക്കായി നിർമ്മിച്ചു നൽകിയത്;

(ബി) അനുവദിച്ച തുക ദേശസാൽകൃത ബാങ്കുകളിൽ കിടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒരു വർഷത്തിനകം വീടുകൾ പൂർത്തിയാക്കണമെന്ന വ്യവസ്ഥ എന്തുകൊണ്ടാണ് പാലിക്കപ്പെടാതിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര വീടുകളുടെ നിർമ്മാണം ആണ് ഉദ്ദേശിച്ചത്; അതിൽ എത്ര എണ്ണം നിർമ്മിക്കുന്നതിന് കഴിഞ്ഞു; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**01.04.2013-ലെ മറുപടിക്ക്**

<u>പട്ടികജാതി വിഭാഗങ്ങൾക്കുള്ള ധനസഹായം</u>

2586 ശ്രീ. വി. പി. സജീന്ദ്രൻ
,, ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി, വീട് എന്നിവയ്ക്ക് നൽകുന്ന ധനസഹായം അപര്യാപ്തമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനസഹായം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ആയതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ഭൂമി, വീട്, ടോയ്‌ലറ്റ് എന്നീ അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത പട്ടികജാതികുടുംബങ്ങൾ</u>

2587 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, ബെന്നി ബെഹനാൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി, വീട്, ടോയ്‌ലറ്റ് എന്നിവയില്ലാത്ത പട്ടികജാതികുടുംബങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ടോയ്‌ലറ്റ് നിർമ്മാണ ധനസഹായം</u>

2588 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോടു കൂടിയ ടോയ്‌ലറ്റ് നിർമ്മാണ ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അർഹരായവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദീകരിക്കുമോ;

(സി) മുൻകാലങ്ങളിൽ വീട് വയ്ക്കാൻ ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് ഇതിന് അർഹതയുണ്ടാവുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ കോളനികളിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

2589 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്നും അതിന്റെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികൾ ഏതെല്ലാം എന്നും അവ ഏതേത് പഞ്ചായത്തുകളിൽ ആണ് എന്നും കോളനികളിൽ ഓരോന്നിലും എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ട് എന്നും വ്യക്തമാക്കാമോ;

(സി) പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം;

(ഡി) സ്വയംപര്യാപ്ത കോളനി പദ്ധതിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാം; പദ്ധതി എന്ന് പ്രാവർത്തികമാക്കും; പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടികൾ എവിടെവരെയായിയെന്ന് അറിയിക്കുമോ; ''സ്വയംപര്യാപ്ത കോളനി'' പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട കോളനികൾ ഏതെല്ലാം;

(ഇ) വിജ്ഞാൻ വാടി പദ്ധതിയ്ക്കായി കൊയിലാണ്ടി മണ്ഡലത്തിൽ എം.എൽ.എ ശുപാർശ ചെയ്ത പദ്ധതിയെന്തായിരുന്നു; ആയത് പരിഗണിച്ചുവോ എന്നും എങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) 2013-2014 ബജറ്റിൽ പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിയിക്കും വകയിരിത്തിയ തുക എത്ര?

കേരള നിയമസഭ
01.04.2013–ലെ മറുപടിക്ക്

**കേരള നിയമസഭ**
**01.04.2013-ലെ മറുപടിക്ക്**

'പാറയം' കോളനിയിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ

2590 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പിൻകീഴിൽ 'സ്വയം പര്യാപ്തത ഗ്രാമങ്ങൾ' പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള പാറയം കോളനിയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നിർമ്മാണം എന്നേയ്ക്ക് ആരംഭിക്കുവാൻ സാധിക്കും എന്നറിയിക്കാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത ഗ്രാമങ്ങൾ</u>

2591 ശ്രീ. കെ. മുരളീധരൻ
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ അധിവാസ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിലേക്ക് പട്ടികജാതി സങ്കേതങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി നടപ്പാക്കാനുദ്ദേശിക്കുന്ന വികസനപ്രവർത്തനങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് മൊത്തം എത്ര സങ്കേതങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ അർഹമായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എത്ര പട്ടികജാതി സങ്കേതങ്ങളാണ് ഈ വർഷം സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്;

(ഇ) എല്ലാ സങ്കേതങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ എത്ര വർഷം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>പത്തനംതിട്ട ജില്ലയിൽ സ്വയംപര്യാപ്ത കോളനി പദ്ധതി</u>

2592 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിലൂടെ നടപ്പാക്കുന്ന 'സ്വയംപര്യാപ്ത ഗ്രാമങ്ങൾ' എന്ന പദ്ധതിയുടെ ലക്ഷ്യമെന്താണ്; ഇതിനായി സർക്കാർ എത്ര രൂപയാണ് നീക്കി വച്ചിട്ടുള്ളത്; എത്ര വർഷം കൊണ്ട് ഈ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; എത്രത്തോളം ഇത് നടപ്പാക്കാൻ കഴിഞ്ഞു; ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ്;

(ബി) ഇതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഏജൻസികളെ തെരഞ്ഞെടുക്കുന്നത് ആരാണ്;

(സി) പത്തനംതിട്ട ജില്ലയിൽ ഇതിനായി ഏതൊക്കെ ഗ്രാമങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോളനികളിൽ പദ്ധതിയുടെ ചുതമല ലഭിച്ചിട്ടുള്ള ഏജൻസികൾ ഏതൊക്കെ എന്നും ഇതിനോടകം നടപ്പിൽ വരുത്തിയ പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരുന്നോ; ആക്ഷൻ പ്ലാനിലെ ഓരോ തീയതിയിലും ലക്ഷ്യമിട്ട പദ്ധതികളും, അവ യഥാർത്ഥത്തിൽ നടപ്പിലാക്കിയ തീയതിയും ജില്ല തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത കാലവിളംബത്തിന്റെ കാരണം വ്യക്തമാക്കുമോ?

<u>കണ്ണൂർ ജില്ലയിലെ 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതി</u>

2593 ശ്രീ. സി. കൃഷ്ണൻ

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 1 കോടി രൂപ വകയിരുത്തിയ 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതിക്ക് കണ്ണൂർ ജില്ലയിൽ ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തതെന്ന് മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികൾക്കാണ് നൽകിയിട്ടുള്ളതെന്നും എത്ര രൂപയുടെ നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം നൽകിയിട്ടുള്ളതെന്നും കോളനി അടിസ്ഥാനത്തിൽ വിശദമാക്കാമോ?

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി പയ്യന്നൂരിൽ തെരഞ്ഞെടുത്ത കോളനിയിലെ നിർമാണപ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ആലത്തൂർ മണ്ഡലത്തിലെ സ്വയം പര്യാപ്ത പട്ടികജാതി കോളനികൾ</u>

2594 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമഗ്ര സ്വയം പര്യാപ്ത പട്ടികജാതി കോളനിയായി അലത്തൂർ മണ്ഡലത്തിൽ നിന്നും പ്രഖ്യാപിക്കപ്പെട്ട എരിമയൂർ പഞ്ചായത്തിലെ 'കുണ്ടകാട് കോളനി' യിലെ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി പൂർത്തിയാക്കേണ്ട പദ്ധതിയിൽ ഇതുവരെ ഒരു പ്രവർത്തനവും ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പാലക്കാട് ജില്ലയിലെ മറ്റു മണ്ഡലങ്ങളിൽ നിന്നും തെരെഞ്ഞെടുത്തിട്ടുള്ള കോളനികൾ ഏതൊക്കെയെന്നു വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കോളനികളിലെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി വകുപ്പിനു ലഭിച്ച പദ്ധതി വിഹിതം</u>

2595 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി വകുപ്പിന് 2012-13 ബജറ്റ് വിഹിതമായി ലഭിച്ച 3933.88 ലക്ഷം രൂപ ഉപയോഗിച്ച് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപ വീതം ഈ വർഷം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ക്യു.ആർ.ജി പദ്ധതി</u>

2596 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012 – 13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ക്യു.ആർ.ജി.പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ എത്ര സ്വയം സഹായ സംഘങ്ങൾക്ക് രൂപം നൽകിയെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ;പ്രസ്തുത സംഘങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ

2597 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ ആമപ്പാറചുവട് കുടിവെള്ള പദ്ധതി, വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്തിലെ തെക്കേക്കുന്ന് കോളനി കുടിവെള്ള പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകൾ പട്ടികജാതിവികസനവകുപ്പ് തൃശൂർ ജില്ലാ ആഫീസിൽ എന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിൽ ഓരോ പദ്ധതികളുടെയും നടപടികൾക്കായി പട്ടികജാതിവികസനവകുപ്പിന്റെ ജില്ലാ ആഫീസ്, ഡയറക്ടർ ആഫീസ് എന്നിവിടങ്ങളിൽ എത്ര കാലമെടുത്തുവെന്നും ഇനി എത്ര കാലം കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കുമോ;

(ഡി) ഈ സാമ്പത്തികവർഷം തൃശൂർജില്ലാ പട്ടികജാതി വികസന ആഫീസിൽ ഇപ്രകാരം കുടിവെള്ള പദ്ധതികൾക്കായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രയെണ്ണം നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ചുവെന്നും ഏതെങ്കിലും പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>വെള്ളാള സമുദായത്തെ ഒ.ബി.സിയിൽ ഉൾപ്പെടുത്താൻ നടപടി</u>

T. 2598 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളാള സമുദായത്തെ ഒ.ബി.സിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഒ.ബി.സിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) വെള്ളാള സമുദായത്തിൽപ്പെട്ടവർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ടൂറിസം രംഗത്ത് കൈവരിച്ച നേട്ടങ്ങൾ</u>

2599 ശ്രീ. സി.എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്തു ഈ സർക്കാർ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം രംഗത്ത് ഈ സർക്കാർ ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കേന്ദ്ര സർക്കാരുമായി ചേർന്നു സംയുക്ത സംരംഭങ്ങൾ ടൂറിസം മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

വിനോദസഞ്ചാരമേഖലയിൽ സ്വകാര്യപങ്കാളിത്തം

2600 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരമേഖലയിൽ സർക്കാർ സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സ്വകാര്യമേഖലയ്ക്കുകൂടി പങ്കാളിത്തം നൽകുന്നത് നയമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാരമേഖലയിൽ ഈ സർക്കാർ എത്ര മുതൽമുടക്ക് സർക്കാർ തലത്തിൽ ചെയ്തിട്ടുണ്ട്;

(സി) ഈ സർക്കാരിന്റെ കാലത്തെ ഈ മേഖലയിലെ സ്വകാര്യ മുതൽ മുടക്ക് എത്രയാണ്;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം സർക്കാർ സ്ഥലങ്ങളും സ്ഥാപനങ്ങളും സ്വകാര്യപങ്കാളിത്തത്തിൽ മുതൽമുടക്കാൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കാർ സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

ഹോംസ്റ്റേ സംവിധാനം

2601 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര മേഖലയിൽ ഹോംസ്റ്റേ സംവിധാനം പ്രോത്സാഹിപ്പിച്ചു തുടങ്ങിയത് ഏതു കാലയളവു മുതലാണ്;

(ബി) സംസ്ഥാനത്തു ഹോം സ്റ്റേ സംവിധാനം പ്രോത്സാഹിപ്പിച്ചു തുടങ്ങിയതിനു ശേഷം ഒരോ സീസണിലും എത്ര വിദേശികൾ പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തിയെന്ന് അറിയിക്കുമോ;

(സി) ഹോംസ്റ്റേകൾക്ക് സാധാരണയായി ഏതെല്ലാം ക്ലാസിഫിക്കേഷനാണ് നൽകിവരുന്നത്; ക്ലാസിഫിക്കേഷന് അനുസൃതമായിട്ടാണോ ടൂറിസ്റ്റുകളിൽ നിന്ന് ഫീസ് ഈടാക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഹോം സ്റ്റേ സംവിധാനം ലഭ്യമാക്കുന്ന ഉടമകൾക്ക് ഏതെല്ലാം തരത്തിലുളള ട്രെയിനിംഗുകളാണ് നൽകിവരുന്നത്; ഇതിനോടകം എത്ര പേർ ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയെന്ന് അറിയിക്കുമോ;

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>ടൂറിസം പ്രചാരണത്തിന് ആഗോളപുരസ്ക്കാരം</u>

2602 ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ
,,എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്, ആയുർവേദം കേന്ദ്രീകരിച്ച് ആഗോളാടിസ്ഥാനത്തിൽ നടത്തുന്ന ടൂറിസം പ്രചാരണത്തിന് ആഗോളപുരസ്കാരം ലഭിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) എത്രാമത്തെ തവണയാണ് പ്രസ്തുത അവാർഡ് സംസ്ഥാനത്തിന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.04.2013–ലെ മറുപടിക്ക്

<u>ഉത്തരവാദിത്ത ടൂറിസം പദ്ധതി</u>

2603 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം (റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട്)പദ്ധതിയുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം ഉദ്യോഗസ്ഥരാണ് വിദേശയാത്ര നടത്തിയിട്ടുളളതെന്നും അവരുടെ സന്ദർശനം കൊണ്ട് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>സീപ്ലെയിന്‍ സര്‍വ്വീസസ്</u>

T. 2604 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012-13 ലെ ബജറ്റ് പ്രസംഗത്തില്‍ പ്രഖ്യാപിച്ച സീപ്ലെയിന്‍ പദ്ധതിക്കായി വകയിരുത്തിയ 12 കോടി രൂപ പൂര്‍ണ്ണമായും വിനിയോഗിച്ചുവോ. എങ്കില്‍ വിശദാംശം നല്‍കുമോ;

(ബി) ഇതിനായി കൂടുതല്‍ തുക അധിക വിഭവ സമാഹരണം വഴിയോ മറ്റേതെങ്കിലും മാര്‍ഗ്ഗങ്ങള്‍ വഴിയോ സമാഹരിച്ചിരുന്നോ; എങ്കില്‍ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ദ്വീപുകളിൽ ടൂറിസം പദ്ധതികൾ</u>

2605 ശ്രീ. വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദ്വീപുകളിൽ ടൂറിസം പദ്ധതികൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ പരിസ്ഥിതി സൗഹൃദമാക്കി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>ഹൗസ് ബോട്ട് ടൂറിസം</u>

2606 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹൗസ് ബോട്ട് ടൂറിസം മേഖല സുരക്ഷിതമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സര്‍ക്കാര്‍ സ്വീകരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) ഹൗസ് ബോട്ടിലെ ജീവനക്കാരുടെ യോഗ്യതകള്‍ നിശ്ചയിച്ച് ലൈസന്‍സ് ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഹൗസ് ബോട്ടുകള്‍ക്ക് ലൈസന്‍സ് സമ്പ്രദായം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>പുന്നമട ടൂറിസം ടെർമിനൽ</u>

2607 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നമട ടൂറിസം ടെർമിനൽ അപകടാവസ്ഥയിലായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കൃത്യമായ പാരിസ്ഥിതികപഠനം നടത്താതെയും, മണ്ണുറപ്പിക്കാതെയും കെട്ടിടം നിർമ്മിച്ചതാണ് അപകടാവസ്ഥയ്ക്കു കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടെർമിനൽ നിർമ്മാണത്തിനുള്ള കോൺട്രാക്റ്റിൽ മെയിന്റനൻസ് നടത്തുന്നതിനു വ്യവസ്ഥ ഉണ്ടായിരുന്നോ;

(ഡി) ആരാണ് കോൺട്രാക്റ്റ് എടുത്തിരുന്നതെന്നും, അടങ്കൽ തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>ടൂറിസം വകുപ്പിലെ ഇന്റേണൽ ഇൻസ്പെക്ഷൻ വിഭാഗം ശക്തിപ്പെടുത്താൻ നടപടി</u>

2608 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിലെ ഇന്റേണൽ ഇൻസ്പെക്ഷൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതു സംബന്ധിച്ച് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശകൾ പരിഗണിച്ചിട്ടുണ്ടോ;

(ബി) ആയതിലേയ്ക്കായി എൽ.ബി.എസ്സിനെയോ, മറ്റു സമാന ഏജൻസികളെയോ ചുമതലപ്പെടുത്താൻ ടൂറിസം വകുപ്പിനു നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇന്റേണൽ ഇൻസ്പെക്ഷൻ പുറമെ നിന്നുള്ള ഏജൻസിയെക്കൊണ്ട് നടപ്പിലാക്കുന്ന സംവിധാനം സംസ്ഥാനത്ത് വേറെ ഏതെങ്കിലും വകുപ്പിൽ നിലവിലുണ്ടോ;

(ഡി) ചട്ടങ്ങൾ ഇത് അനുവദിക്കുന്നുണ്ടോ; ഇത്തരം സംവിധാനം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ ടൂറിസം പദ്ധതികൾ</u>

2609

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ മലപ്പുറം ജില്ലയിൽ 2013-14 വർഷങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മലപ്പുറം ജില്ലയിലെ വാഴക്കാട് ചാലിയാർ ടൂറിസം പദ്ധതി, നെടിയിരുപ്പ് ചെരുപ്പാടിമലയിലെ ടൂറിസം പദ്ധതി എന്നിവയെ സംബന്ധിച്ച് പഠനം നടത്തി പദ്ധതികളാവിഷ്കരിക്കുന്നതിന് ടൂറിസം വകുപ്പിന് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.04.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ ഡി. ടി. പി.സി മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

2610 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഡി. ടി. പി. സി. മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്നു വിശദമാക്കാമോ;

(ബി) കേന്ദ്രസഹായത്താടെ മലപ്പുറം ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുണ്ടെങ്കിൽ വിശദാംശങ്ങൾ നല്കാമോ;

(സി) കേന്ദ്രസഹായത്തോടെയും, ഡി. ടി. പി. സി. മുഖേനയും നടപ്പാക്കുന്ന പദ്ധതികൾക്കു കൺസൾട്ടന്റായി ആരെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും, ഈ കൺസൾട്ടൻസിയുടെ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>

2611 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര ടൂറിസം പദ്ധതികൾ പ്രഖ്യാപിച്ചു; ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കുമായി എത്ര തുകയാണ് ചെലവഴിച്ചത്;

(സി) 1.7.2006 മുതൽ 28.2.2011 വരെ എത്ര ടൂറിസം പദ്ധതികൾ നടപ്പിലാക്കി;

(ഡി) 2006-2011 കാലഘട്ടത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം ടൂറിസം പ്രോജക്ടുകൾ നടപ്പിലാക്കി; എത്ര രൂപയുടെ പദ്ധതികൾ ആണ് നടപ്പിലാക്കിയത്;

(ഇ) 1.7.2011 മുതൽ 28.2.2013 വരെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എന്തെല്ലാം ടൂറിസം വികസന പ്രവർത്തനങ്ങൾ നടത്തി; നിലവിൽ ഏതെല്ലാം ടൂറിസം പ്രപ്പോസലുകൾ പരിഗണിക്കുന്നുവെന്നും അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.04.2013–ലെ മറുപടിക്ക്

<u>പനത്തടി ടൗൺ വികസനം</u>

2612 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ റാണിപുരം വിനോദസഞ്ചാര കേന്ദ്രത്തിലേക്കുള്ള പ്രവേശന കവാടമായി പനത്തടി ടൗണിനെ വികസിപ്പിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**01.04.2013-ലെ മറുപടിക്ക്**

കടലുകാണി പദ്ധതി

2613 ശ്രീ.ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുളിമാത്ത് പഞ്ചായത്തിലെ ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന 'കടലുകാണി' പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എന്ത് തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.04.2013-ലെ മറുപടിക്ക്

മുട്ടറ മരുതിമല ടൂറിസം പദ്ധതി

2614 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുട്ടറ മരുതിമല ടൂറിസം പദ്ധതിയിലെ ഒന്നാംഘട്ട നിർമ്മാണപ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രവർത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വെളിപ്പെടുത്താമോ;

(സി) ഒന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഒന്നാംഘട്ട നിർമ്മാണത്തിൽ പൂർത്തീകരിച്ച കെട്ടിടങ്ങളിൽ വൈദ്യുതി സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വൈദ്യുതി സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള തുക ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 മാർച്ച് 23.

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)].

'T' ഇന്നത്തേക്ക് മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.